ഇ.മെയിൽ:
'dmekeral@md5.vsnl.net.in'
ഫാക്സ്: 0471-2443080
ഗ്രാം: ' DIRMEDEN'

ഫോൺ: (ഓഫീസ് ) : 2442124
2442126
ഡയറക്ടർ :2444011

**കേരള സർക്കാർ**
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം - 695 011

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

നം: ബി3 /13964/2009/ഡി.എം.ഇ. **തീയതി:**
5/3/2010

**വിജ്ഞാപനം**

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിൽ 2009 - 10 വർഷത്തിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്പ്മെന്റ് (പി.ജി.ഡി.സി.സി.ഡി.) കോഴ്സിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷാഫോറം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും 15/3/2010 മുതൽ 31/3/2010 വൈകുന്നേരം 4 മണി വരെ 100 രൂപ നിരക്കിൽ ലഭിക്കും. തപാൽ മാർഗ്ഗം അപേക്ഷ ലഭിക്കണമെന്നുള്ളവർ 130 രൂപാ പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 11 എന്ന വിലാസത്തിൽ 23/03/2010 നു മുമ്പ് ലഭിക്കത്തക്ക വിധത്തിൽ മണിയോർഡർ അയയ്ക്കേണ്ടതാണ്. എസ്സ്.സി , എസ്സ്.റ്റി വിഭാഗക്കാർ അപേക്ഷയ്ക്ക് നേരിട്ട് 75 രൂപയും തപാൽ മാർഗ്ഗം 105 രൂപയും നൽകിയാൽ മതിയാകും. മുകളിൽ കാണിക്കുന്ന തീയതിക്കുശേഷം ലഭിക്കുന്ന മണിയോർഡറുകൾ സ്വീകരിക്കുന്നതല്ല.

പ്രായം :- അപേക്ഷകർ 31/12/2009 - ൽ 19 വയസ്സിനും 28 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവരായിരിക്കണം. പട്ടികജാതി / പട്ടിക വർഗ്ഗവിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ 6 വർഷം ഇളവ് അനുവദിച്ചിട്ടുണ്ട്.

വിദ്യാഭ്യാസയോഗ്യത :- അപേക്ഷകർ കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്ന ബി.എസ്.സി. ഹോംസയൻസ് ഐശ്ചികവിഷയമായി പഠിച്ച് 50% മാർക്കോടെ പാസ്സായിരിക്കണം. പട്ടികജാതി / പട്ടിക വർഗ്ഗവിഭാഗക്കാർക്ക് 10% ഇളവ് അനുവദിച്ചിട്ടുണ്ട്.

പൂരിപ്പിച്ച അപേക്ഷകൾ പ്രോസ്പെക്ടസ്സിൽ നിർദ്ദേശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 6/4/2010 - ന് വൈകുന്നേരം 5 - മണിക്കു മുൻപായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അപേക്ഷാ ഫാറത്തോടൊപ്പം ലഭിക്കുന്ന പ്രോസ്പെക്ടസിലും പാരാമെഡിക്കൽ വെബ്സൈറ്റിലും (WWW.keralaparamedicalcouncil.org) ലഭ്യമാണ്.

SD/-
ഡയറക്ടർക്കുവേണ്ടി.
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~